2017

**നമ്പർ.** എസ്.എസ്.ജി2/9041/റ്റിസി/2011


**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]


തീയ്യതി, 20-05-2017

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – ഓൺലൈൻ നികുതി സംവിധാനം നടപ്പിലാക്കുന്നത് – സംബന്ധിച്ച്

സൂചന :- ഇല്ല

മേൽ വിഷയത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ നേരിട്ട് വരാതെ തന്നെ പൊതുജനങ്ങൾക്ക് സ്വന്തം വാഹനങ്ങളുടെ നികുതി ഒടുക്കുന്നതിനായി ഓൺലൈൻ വഴി നികുതി അടയ്ക്കുവാനുള്ള സംവിധാനം 10-05-2017 മുതൽ നടപ്പിലാക്കിയിരിയ്ക്കുന്നു. താങ്കളുടെ ഓഫീസിന്റെ പരിധിയിലുള്ള എല്ലാ വിഭാഗം വാഹന ഓപ്പറേറ്റർമാരുടെ സംഘടനകളുടെ പ്രതിനിധികളെ പ്രസ്തുത വിവരം അറിയിയ്ക്കേണ്ടതാണ്. ആവശ്യമെങ്കിൽ അവർക്ക് സംശയനിവാരണത്തിനായി ഒരു മീറ്റിംഗ് നടത്തേണ്ടതാണ്. ഓൺലൈൻ ടാക്സ് സംവിധാനത്തിലേയ്ക്ക് പൊതുജനങ്ങളെ ആകർഷിയ്ക്കുന്നതിനായി പ്രസ്തുത സംവിധാനം നടപ്പിലാക്കിയ വിവരവും, ആയതുകൊണ്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും മാദ്ധ്യമങ്ങൾ വഴി പ്രചരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന സംശയങ്ങൾ ദൂരീകരിയ്ക്കണമെന്നും നിർദ്ദേശിയ്ക്കുന്നു.

വിശ്വസ്തതയോടെ,

20-5-2017

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

20/05/2017